ഉത്തരം

(എ) സ്വകാര്യ മേഖലയിൽ താപവൈദ്യുത നിലയങ്ങൾ തുടങ്ങുന്നതിലേക്ക് താഴെ പറയുന്ന കമ്പനികളുമായി പവർ പർച്ചേസ് എഗ്രിമെന്റ് ഒപ്പു വച്ചിട്ടുണ്ട്.

(1) ബി.എസ്. ഇ.എസ്. കേരള പവർ ലിമിറ്റഡ് (157 മെഗാവാട്ട്)

(2) ഡി.സി.പവർ ലിമിറ്റഡ് (107 മെഗാവാട്ട്)

(3) കാസർഗോഡ് പവർ കോർപ്പറേഷൻ (20.മെ.വാ)

(4) എൻ.റ്റി.പി.സി. താൽപ്പാൻ പദ്ധതി

(ബി) ഇവയിൽ ഒരു വിദേശ കമ്പനിയുമില്ല. ഡി.സി. പവർ ലിമിറ്റഡിന് വിദേശ പങ്കാളിത്തമുണ്ട്. അതിന്റെ വിദേശ കറൻസി യു.എസ്. ഡോളറാണ്.

(സി) കാലാകാലങ്ങളിലുള്ള വിദേശ വിനിമയനിരക്ക് ഇന്ധനത്തിന്റെ വില എന്നിവയെ ആശ്രയിച്ചാണ് വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നത്. പി.പി.എ.യിൽ ഇത് നിർണ്ണയിക്കുന്നതിനുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ച് നിരക്കുകൾ അതത് സമയത്ത് കണക്കുകൂട്ടേണ്ടതായിട്ടുണ്ട്.

(ഡി) അതാത് പി.പി.എ.യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പി.എൽ. എഫ്. അനുസരിച്ച് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങണമെന്നാണ് കരാറിൽ പറഞ്ഞിട്ടുള്ളത്.

(ഇ) വിദേശ നാണയം ഉപയോഗിക്കുന്ന എല്ലാ പദ്ധതികളുടെ കരാറിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് ഇപ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ജി) ഐ.സി.ഐ.സി.ഐ., എസ്.ബി.ഐ., സി.എ.പി.എസ്., സി.ആർ.വൈ., എസ്.ഐ.എൽ മുതലായ ധനകാര്യസ്ഥാപനങ്ങളുമായി പലപ്പോഴായി ചർച്ച നടത്തിയിട്ടുണ്ട്.

63 (229) സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യങ്ങൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ഡോ.എം.എ. കുട്ടപ്പൻ :

ശ്രീ. പാലോട് രവി :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യങ്ങൾ നേരിടുവാനാശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സംസ്ഥാന വൈദ്യുതി ബോർഡിനും സ്വകാര്യവൈദ്യുതി ഉൽപ്പാദകർക്കും ഇന്ന് കഴിയുന്നുണ്ടോ;

(ബി) സംസ്ഥാന വൈദ്യുതി ബോർഡിനും സ്വകാര്യ ഉൽപ്പാദകർക്കും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ഇന്നുള്ള കഴിവിനോടൊപ്പം കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വൈദ്യുതി കൂടിയാകുമ്പോൾ സംസ്ഥാനത്തിന്റെ വൈദ്യുതിയുടെ ആവശ്യം നേരിടുവാൻ കഴിയുമോ;

(സി) എങ്കിൽ സംസ്ഥാനത്ത് ലോഡ്ഷെഡിംഗ് നിലനിറുത്താനുള്ള കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ ആവശ്യത്തിനുള്ള വൈദ്യുതി മുഴുവൻ അടുത്തു തന്നെ ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) താമസിയാതെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പീക്ക് ലോഡ് സമയത്ത് ആവശ്യമായ വൈദ്യുതി വഹിക്കാൻ പ്രസരണ-വിതരണ ശൃംഖലകൾ അപര്യാപ്തമായതിലാനാണ് രാത്രികാല ലോഡ് ഷെഡിംഗ് പിൻവലിക്കാത്തത്.

64 (230) വൈദ്യുതി മേഖലയിലെ പരിഷ്ക്കാരങ്ങൾ

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം മാണി :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി മേഖലയിലെ പരിഷ്കാരങ്ങളുടെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാനത്തിന് രണ്ടായിരമാണ്ടിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(സി) എങ്കിൽ ഈ ലക്ഷ്യം എങ്ങനെ കൈവരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നവംബർ മുതൽ അര മണിക്കൂർ രാത്രി ലോഡ് ഷെഡിംഗ് ആരംഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇപ്രകാരം ലോഡ്ഷെഡിംഗ് ആരംഭിക്കാനുണ്ടായ കാരണം വിശദമാക്കുമോ;

(എഫ്) സംസ്ഥാനത്ത് സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ;

(ജി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വൈദ്യുതി നയമനുസരിച്ച് ബോർഡിന്റെ പ്രവർത്തനശേഷി മെച്ചപ്പെടുത്തി സാമ്പത്തിക ഭദ്രത ഉറപ്പാക്കുകയും നല്ല ഉപഭോക്തൃബന്ധവും സേവനോന്മുഖമായ തൊഴിൽ സംസ്ക്കാരവും വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ മൂന്ന് ലാഭ കേന്ദ്രങ്ങളാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) ജനറേറ്റിംഗ് സ്റ്റേഷനുകളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കാൻ ഈ സർക്കാർ നടപടികൾ കൈക്കൊണ്ടതിന്റെ ഫലമായി ലോവർ പെരിയാർ (180 മെഗാവാട്ട്), പേപ്പാറ (3 മെ. വാ) മാട്ടുപ്പെട്ടി (2 മെഗ. വാ), ബ്രഹ്മപുരം (106 മെഗാവാട്ട്) പി. എൻ.ബി. എക്സ്റ്റൻഷൻ (16 മെഗാവാട്ട്) കക്കാട് (50 മെ. വാട്ട്) കോഴിക്കോട് താപനിലയം (128 മെ.വാ) ബി.എസ്.ഇ.എസ്. എന്നീ പദ്ധതികളും എൻ.റ്റി.പി.സിയുടെ കായംകുളം നിലയവും (350 മെഗാവാട്ട്) കമ്മീഷൻ ചെയ്തു കഴിഞ്ഞു. ഇതോടൊപ്പം കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി കൂടി

LIBRARY ARCHIVES Kerala Legislative Assembly